കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE PROVIDENT FUNDS ACT, 1925

(Act No. 19 of 1925)

# പ്രോവിഡന്റ് ഫണ്ട് ആക്റ്റ്, 1925

(1925-ലെ 19-ാം നമ്പർ ആക്റ്റ്)

വില :

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1983

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE PROVIDENT FUNDS ACT, 1925

(Act No. 19 of 1925)

# പ്രോവിഡൻറ് ഫണ്ട് ആക്റ്റ്, 1925

(1925-ലെ 19-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1983

©
കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രോവിഡൻറ് ഫണ്ട് ആക്ററ്, 1925

(1925–ലെ 19)

## വകുപ്പുകളുടെ വിന്യാസം


വകുപ്പുകൾ

1 ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.

2 നിർവ്വചനങ്ങൾ.

3 നിർബന്ധിത നിക്ഷേപത്തിനു സംരക്ഷണം.

4 പണം തിരിച്ചുകൊടുക്കൽ സംബന്ധിച്ചുള്ള വ്യവസ്ഥകൾ.

5 നിർദ്ദിഷ്ട നാമാക്കളുടെ അവകാശങ്ങൾ.

6 കിഴിവുകൾ ചെയ്യുവാനുള്ള അധികാരം.

7 ഉത്തമവിശ്വാസത്തോടുകൂടി ചെയ്ത പ്രവൃത്തികൾക്കു സംരക്ഷണം.

8 മററു പ്രോവിഡൻറു ഫണ്ടുകൾക്ക് ഈ ആക്ററ് ബാധകമാക്കുന്നതിനുള്ള അധികാരം

9 സൈനികരുടെ എസ്റേറററുകൾ സംബന്ധിച്ച ഒഴിവാക്കലുകൾ.

10 റദ്ദാക്കൽ.

# പ്രോവിഡൻറ് ഫണ്ട് ആക്ററ്, 1925

(1925-ലെ 19)

[1925 ആഗസ്ററ്, 27]

## ഗവൺമെൻറ് പ്രോവിഡൻറ് ഫണ്ടും മററു പ്രോവിഡൻറു ഫണ്ടുകളും സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുന്നതിനും സഞ്ചയിക്കുന്നതിനുമുള്ള ആക്ററ്.

ഗവൺമെൻറ് പ്രോവിഡൻറ് ഫണ്ടും മററു പ്രോവിഡൻറു ഫണ്ടുകളും സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുകയും സഞ്ചയിക്കുകയും ചെയ്യുന്നത് സമീചീനമായിരിക്കയാൽ,

ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

**ചുരുക്കപ്പേരും, വ്യാപ്തിയും ആരംഭവും.**

1. (1) ഈ ആക്ററിന് പ്രോവിഡൻറ് ഫണ്ട് ആക്ററ്, 1925 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത്, ജമ്മു-കാശ്മീർ സ്റേററ് ഒഴികെ ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നു.

(3) ഇത്, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

**നിർവ്വചനങ്ങൾ.**

2. ഈ ആക്ററിൽ വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) "നിർബന്ധിതനിക്ഷേപം" എന്നാൽ ഒരു ലൈഫ് ഇൻഷ്വറൻസ് പോളിസി സംബന്ധിച്ച പ്രീമിയം അടയ്ക്കുവാനോ അല്ലെങ്കിൽ കുടുംബ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുവാനുള്ള വരിസംഖ്യകളോ പ്രീമിയമോ സംബന്ധിച്ച ആവശ്യത്തിനോ അല്ലാതെ ഫണ്ടിൻെറ ചട്ടങ്ങൾപ്രകാരം, മററു വിധത്തിലുള്ള ആവശ്യപ്പെടലിൻമേൽ എന്തെങ്കിലും വിനിർദ്ദിഷ്ടമായ ആകസ്മിക സംഭവം ഉണ്ടാകുന്നതുവരെ തിരിച്ചുനൽകേണ്ടതല്ലാത്ത പ്രോവിഡൻറ് ഫണ്ടിലേക്കുള്ള വരിനൽകലോ നിക്ഷേപമോ എന്നർത്ഥമാകുന്നതും, ഏതെങ്കിലും സംഭാവനയും ഫണ്ടിൻെറ ചട്ടങ്ങളിൻകീഴിൽ അങ്ങനെയുള്ള ഏതെങ്കിലും വരിസംഖ്യയിൻമേലോ നിക്ഷേപത്തിൻമേലോ അംശദായത്തിൻമേലോ സിദ്ധിച്ചിട്ടുള്ള ഏതെങ്കിലും പലിശയും വർദ്ധനയും കൂടാതെ അങ്ങനെയുള്ള ഏതെങ്കിലും ആകസ്മികസംഭവം ഉണ്ടായശേഷം വരിക്കാരൻെറയോ നിക്ഷേപകൻെറയോ വരവു തുകയിൽ ശേഷിക്കുന്ന അങ്ങനെയുള്ള ഏതെങ്കിലും വരിസംഖ്യയോ, നിക്ഷേപമോ, അംശദായമോ, പലിശയോ വർദ്ധനയോ അതിൽ ഉൾപ്പെടുന്നതുമാകുന്നു;

(ഖ) "അംശദായം" എന്നാൽ ഫണ്ട് ഭരിക്കുന്ന ഏതെങ്കിലും അധികാരസ്ഥൻ ഫണ്ടിന് തുക ചേർക്കൽ വഴിയോ, അംശദായംവഴിയോ, നിക്ഷേപം വഴിയോ ഒരാളിൻെറ കണക്കിലെ വരവുതുകയിലുള്ള ബാക്കിവഴിയോ പ്രോവിഡൻറുഫണ്ടിൽ വരവിൽ ചേർത്തിട്ടുള്ള ഏതെങ്കിലും തുകയെന്ന് അർത്ഥമാകുന്നതും; "കാൺട്രിബ്യൂട്ടറി പ്രോവിഡൻറ് ഫണ്ട്" എന്നാൽ അംശദായങ്ങൾ വരവിൽചേർക്കുന്നതിന് ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്ന ഒരു പ്രോവിഡൻറ് ഫണ്ട് എന്ന് അർത്ഥമാകുന്നതുമാകുന്നു;

(ഗ) "ആശ്രിതൻ" എന്നാൽ ഒരു പ്രോവിഡൻറുഫണ്ടിലെ, മരിച്ചുപോയ വരിക്കാരൻെറയോ അല്ലെങ്കിൽ ഒരു നിക്ഷേപകൻെറയോ താഴെപ്പറയുന്ന ഏതെങ്കിലും ബന്ധുക്കൾ എന്നർത്ഥമാകുന്നു അതായത്, ഭാര്യയും, ഭർത്താവും, മാതാപിതാക്കളും, കുട്ടിയും, മൈനർസഹോദരനും, അവിവാഹിതയായ സഹോദരിയും മരിച്ചുപോയ മകൻെറ വിധവയും കുട്ടിയും, മരിച്ചുപോയ വരിക്കാരൻെറയോ നിക്ഷേപകൻെറയോ മാതാവോ പിതാവോ ജീവിച്ചിരിപ്പില്ലാത്തിടത്ത്, പിതാമഹനും പിതാമഹിയും;

(ഘ) "ഗവൺമെൻറ് പ്രോവിഡൻറ് ഫണ്ട്" എന്നാൽ റയിൽവേ പ്രോവിഡൻറ് ഫണ്ട് അല്ലാതെ സെക്രട്ടറി ഓഫ് സ്റേററിൻേറയോ കേന്ദ്ര ഗവൺമെൻറിൻെറയോ, ക്രൗൺ പ്രതിനിധിയുടേയോ, ഏതെങ്കിലും സ്റേററ് ഗവൺമെൻറിൻെറയോ പ്രാധികാരത്താൽ, ഗവൺമെൻറ് സർവ്വീസിലുള്ള ആളുകളുടെയോ അല്ലെങ്കിൽ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിയോജിച്ചിരിക്കുന്നവരോ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമാത്രം നിലനിൽക്കുന്ന നികായങ്ങൾ നിയോജിച്ചിരിക്കുന്നവരോ ആയ ആളുകളുടെയോ ഏതെങ്കിലും വിഭാഗത്തിനോ വിഭാഗങ്ങൾക്കോ ആയി രൂപവത്കരിച്ചിട്ടുള്ള ഒരു പ്രോവിഡൻറു ഫണ്ട് എന്നർത്ഥമാകുന്നതും; ഗവൺമെൻറിനെ സംബന്ധിച്ച ഈ ആക്ററിലെ, പരാമർശങ്ങൾക്ക് അതനുസരിച്ച് അർത്ഥം കൽപ്പിക്കേണ്ടതുമാകുന്നു;

(ങ) "പ്രോവിഡന്റു ഫണ്ട്" എന്നാൽ ഏതെങ്കിലും വിഭാഗത്തിലോ വിഭാഗങ്ങളിലോ പെട്ട ജീവനക്കാർക്കുള്ള വരി സംഖ്യകളോ നിക്ഷേപങ്ങളോ സ്വീകരിക്കുകയും അവരുടെ വ്യക്തിപരമായ അക്കൗണ്ടുകളിൽ സൂക്ഷിക്കുകയും ചെയ്യുന്ന ഒരു ഫണ്ട് എന്നർത്ഥമാകുന്നതും, അതിൽ ഏതെങ്കിലും അംശദായങ്ങളും ഫണ്ടിന്റെ ചട്ടങ്ങളിൻകീഴിൽ അങ്ങനെയുള്ള വരിസംഖ്യകളിൻമേലോ നിക്ഷേപങ്ങളിൻമേലോ അംശദായങ്ങളിൻമേലോ സിദ്ധിക്കുന്ന ഏതെങ്കിലും പലിശയോ വർദ്ധനവോ ആയതും ഉൾപ്പെടുന്നതുമാകുന്നു ;

(ച) "റയിൽവേഭരണം" എന്നാൽ

(i) ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്ത് യുണൈറ്റഡ് കിംഗ്ഡത്തിലെ പാർലമെന്റിന്റെ ഒരു പ്രത്യേക ആക്റ്റിന്റേയോ, ഒരു ഇൻഡ്യൻ നിയമത്തിന്റേയോ കീഴിലോ, ഗവൺമെന്റുമായുള്ള ഒരു കാൺട്രാക്റ്റിൻ കീഴിലോ ഒരു റയിൽവേയോ ട്രാംവേയോ ഭരിക്കുന്ന ഏതെങ്കിലും കമ്പനി എന്നോ;

അല്ലെങ്കിൽ

(ii) കേന്ദ്രഗവൺമെന്റിനാലോ സ്റ്റേറ്റ് ഗവൺമെന്റിനാലോ ഭരിക്കപ്പെടുന്ന ഏതെങ്കിലും റയിൽവേയുടെയോ ട്രാംവേയുടെയോ മാനേജർ എന്നോ അർത്ഥമാകുന്നതും; അതിൽ (ii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സംഗതിയിൽ, അതതുസംഗതിപോലെ, കേന്ദ്രഗവൺമെന്റോ സ്റ്റേറ്റ് ഗവൺമെന്റോ ഉൾപ്പെടുന്നതുമാകുന്നു.

(ഛ) "റയിൽവേ പ്രോവിഡന്റ് ഫണ്ട്" എന്നാൽ ഒരു റയിൽവേ ഭരണത്തിന്റെ പ്രാധികാരത്താൽ അതിന്റെ ജീവനക്കാരുടെ ഏതെങ്കിലും വിഭാഗത്തിനോ വിഭാഗങ്ങൾക്കോ വേണ്ടി രൂപവത്കരിക്കപ്പെട്ടിട്ടുള്ള ഒരു പ്രാവിഡന്റ് ഫണ്ട് എന്നർത്ഥമാകുന്നു;

**നിർബന്ധിത നിക്ഷേപത്തിനു സംരക്ഷണം.**

3. (1) ഗവൺമെന്റ് പ്രാവിഡന്റ് ഫണ്ടിലോ റെയിൽവേ പ്രോവിഡന്റു ഫണ്ടിലോ ഉള്ള ഒരു നിർബന്ധിതനിക്ഷേപം യാതൊരുവിധത്തിലും തീറു കൊടുക്കുന്നതിനോ ബാദ്ധ്യതപ്പെടുത്തുന്നതിനോ സാദ്ധ്യമല്ലാത്തതും വരിക്കാരനോ നിക്ഷേപകനോ വരുത്തിവച്ചിട്ടുള്ള ഏതെങ്കിലും കടമോ ബാദ്ധ്യതയോ സംബന്ധിച്ച് ഏതെങ്കിലും സിവിൽക്കോടതിയുടെയോ റവന്യൂക്കോടതിയുടെയോ ക്രിമിനൽ കോടതിയുടെയോ ഏതെങ്കിലും വിധിയുടെയോ ഉത്തരവിന്റെയോ കീഴിൽ ജപ്തിക്കു വിധേയമല്ലാത്തതും അങ്ങനെയുള്ള ഏതെങ്കിലും നിർബന്ധിതനിക്ഷേപത്തിൻമേൽ, ഒഫീഷ്യൽ അസൈനിക്കോ പ്രൊവിൻഷ്യൽ ഇൻസാൾവൻസി ആക്റ്റ്, 1920-ന്റെ കീഴിൽ നിയമിച്ചിട്ടുള്ള ഏതെങ്കിലും റിസീവർക്കോ യാതൊരു ഉടമാവകാശമോ അതിൻമേൽ ഏതെങ്കിലും അവകാശം ഉണ്ടായിരിക്കുകയോ ചെയ്യുന്നതല്ല.

(2) അങ്ങനെയുള്ള ഏതെങ്കിലും ഫണ്ടിൽ ഏതെങ്കിലും വരിക്കാരന്റെയോ നിക്ഷേപകന്റെയോ മരണസമയത്ത് അയാളുടെ വരവിലുള്ളതും ഫണ്ടിന്റെ ചട്ടങ്ങളിൻകീഴിൽ വരിക്കാരന്റെയോ നിക്ഷേപകന്റെയോ ഏതെങ്കിലും ആശ്രിതനോ അയാൾക്കുവേണ്ടി പണം സ്വീകരിക്കുന്നതിന് നിയമംവഴി പ്രാധികാരപ്പെടുത്താവുന്ന ആൾക്കോ നൽകേണ്ടതുമായ ഏതെങ്കിലും തുക ഈ ആക്റ്റു പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും കിഴിവിന് വിധേയമായും, ആശ്രിതൻ, വരിക്കാരന്റെയോ നിക്ഷേപകന്റെയോ വിധവയോ കുട്ടിയോ ആയിരിക്കുന്നിടത്തൊഴികെ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പ് ചെയ്തിട്ടുള്ള തീറിൻ കീഴിലുള്ള തീറുകാരന്റെ അവകാശങ്ങൾക്കു വിധേയമായും ആശ്രിതനിൽ നിക്ഷിപ്തമാകുന്നതും, മുൻപറഞ്ഞ പ്രകാരം വിധേയമായി മരിച്ചുപോയ ആൾ വരുത്തിവച്ചതോ വരിക്കാരന്റെയോ നിക്ഷേപകന്റെയോ മരണത്തിനുമുമ്പ് ആശ്രിതൻ വരുത്തിവച്ചതോ ആയ ഏതൊരു കടത്തിൽനിന്നോ അല്ലെങ്കിൽ മററു ബാദ്ധ്യതയിൽനിന്നോ സ്വതന്ത്രമായിരിക്കുന്നതുമാകുന്നു.—

**പണം തിരിച്ചുകൊടുക്കൽ സംബന്ധിച്ചുള്ള വ്യവസ്ഥകൾ.**

4. (1) ഏതെങ്കിലും ഗവൺമെന്റു പ്രോവിഡന്റ് ഫണ്ടിന്റേയോ അല്ലെങ്കിൽ റയിൽവേ പ്രാവിഡന്റ് ഫണ്ടിന്റെയോ ചട്ടങ്ങളിൻ കീഴിൽ ഏതെങ്കിലും വരിക്കാരന്റെയോ നിക്ഷേപകന്റെയോ വരവുതുകയോ ഈ ആക്റ്റിനാൽ പ്രാധികാരപ്പെടുത്തിയ ഏതെങ്കിലും കിഴിവു ചെയ്തതിനുശേഷം ഉള്ള ബാക്കിയോ കൊടുക്കുവാനുള്ളതായി തീരുമ്പോൾ, പണം കൊടുക്കാൻ കടമയുള്ള ഉദ്യോഗസ്ഥൻ, അതതുസംഗതിപോലെ വരിക്കാരനോ നിക്ഷേപകനോ, ആ തുകയോ ബാക്കിയോ കൊടുക്കേണ്ടതും, അയാൾ മരിച്ചുപോയിട്ടുണ്ടെങ്കിൽ;

(ക) 3-ാം വകുപ്പിലെ വ്യവസ്ഥകളിൻ കീഴിൽ ഒരു ആശ്രിതനിൽ ആ തുകയോ ബാക്കിയോ അതിന്റെ ഏതെങ്കിലും അംശമോ നിക്ഷിപ്തമാകുകയാണെങ്കിൽ ആശ്രിതനോ, അയാൾക്കുവേണ്ടി പണം സ്വീകരിക്കുന്നതിന് നിയമം മുഖേന പ്രാധികാരപ്പെടുത്താവുന്ന ആൾക്കോ നൽകേണ്ടതും ; അല്ലെങ്കിൽ

(ഖ) അതതുസംഗതിപോലെ, മുഴുവൻ തുകയോ ബാക്കിയോ അയ്യായിരം രൂപയിൽ കവിയാത്തപക്ഷം, (ക) ഖണ്ഡത്തിൻകീഴിൽ കൊടുക്കേണ്ടതല്ലാത്ത തുകയോ അതിന്റെ ഏതെങ്കിലും അംശമോ, ഫണ്ടിന്റെ ചട്ടങ്ങളിൻകീഴിൽ തുക സ്വീകരിക്കുവാൻ നാമനിർദ്ദേശം ചെയ്തിട്ടുള്ള ഏതെങ്കിലും ആൾക്കോ അല്ലെങ്കിൽ, അപ്രകാരം യാതൊരു ആളേയും നാമനിർദ്ദേശം ചെയ്തിട്ടില്ലെങ്കിൽ, അതു സ്വീകരിക്കുന്നതിന് മററുവിധത്തിൽ അർഹതയുണ്ടെന്ന് അയാൾക്കു തോന്നുന്ന ഏതെങ്കിലും ആൾക്കോ നൽകേണ്ടതും ; അല്ലെങ്കിൽ

(ഗ) (ക) ഖണ്ഡത്തിന്റെയോ (ഖ) ഖണ്ഡത്തിന്റെയോ കീഴിൽ ഏതെങ്കിലും ആൾക്ക് കൊടുക്കേണ്ടതല്ലാത്ത ഏതെങ്കിലും തുകയുടെയോ ബാക്കിയുടെയോ അല്ലെങ്കിൽ അതിന്റെ അംശത്തിന്റെയോ സംഗതിയിൽ.

(i) ഫണ്ടിന്റെ ചട്ടങ്ങളിൻകീഴിൽ അതു സ്വീകരിക്കുവാൻ നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള ആൾ, മരിച്ചുപോയ ആളുടെ സ്വത്തിന്റെ ഭരണം നൽകിയെന്നു തെളിയിക്കുന്നതിനുള്ള പ്രൊബേറ്റോ അഡ്മിനിസ്ട്രേഷൻ പത്രങ്ങളോ, അങ്ങനെയുള്ള തുകയോ ബാക്കിയോ അല്ലെങ്കിൽ അതിന്റെ അംശമോ സ്വീകരിക്കാൻ അർഹനാക്കുന്നതിന് പിൻതുടർച്ചാവകാശസർട്ടിഫിക്കറ്റ് ആക്റ്റ്, 1889-ൻ കീഴിലോ, ബോംബേ റഗുലേഷൻ, 1827-ലെ VIII-ൻ കീഴിലോ, അനുവദിച്ചിട്ടുള്ള ഒരു സർട്ടിഫിക്കറ്റോ ഹാജരാക്കുന്നതിൻമേൽ, അത് നൽകേണ്ടതും; അല്ലെങ്കിൽ

(ii) അപ്രകാരം യാതൊരു ആളെയും നാമനിർദ്ദേശം ചെയ്തിട്ടില്ലാത്തിടത്ത്, അങ്ങനെയുള്ള പ്രൊബേറ്റോ, അധികാരപത്രങ്ങളോ സർട്ടിഫിക്കറ്റോ ഹാജരാക്കുന്ന ഏതെങ്കിലും ആൾക്ക് അതു നൽകേണ്ടതുമാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് വരിക്കാരന്റെയോ നിക്ഷേപകന്റെയോ വരവിലുള്ള ഏതെങ്കിലും തുക മുഴുവനുമോ അതിന്റെ ഏതെങ്കിലും അംശമോ മറ്റേതെങ്കിലും ആൾക്ക് തീറുകൊടുക്കുകയും തീറു സംബന്ധിച്ച് തീറുകാരനിൽ നിന്ന് ഉദ്യോഗസ്ഥന്, ലിഖിതമായ നോട്ടീസ് കിട്ടുകയും ചെയ്തിട്ടുള്ളിടത്ത്, ആ ഉദ്യോഗസ്ഥൻ, ഈ ആക്റ്റുമുഖേന പ്രാധികാരപ്പെടുത്തിയ ഏതെങ്കിലും കിഴിവു ചെയ്യുകയും (ക) ഖണ്ഡത്തിൻ കീഴിൽ വരിക്കാരന്റെയോ നിക്ഷേപകന്റെയോ വിധവയ്ക്കോ, കുട്ടികൾക്കോ അല്ലെങ്കിൽ അവർക്കുവേണ്ടിയോ നല്കേണ്ട ഏതെങ്കിലും തുക നല്കുകയും ചെയ്തശേഷം—

(i) വരിക്കാരനോ നിക്ഷേപകനോ അയാൾ മരിച്ചുപോയിട്ടുണ്ടെങ്കിൽ, സാധുവായ ഏതെങ്കിലും തീറിന്റെ അഭാവത്തിൽ ഈ ഉപവകുപ്പിൻകീഴിൽ തുകയോ ബാക്കിയോ ഏതു ആൾക്കാണ് കൊടുക്കേണ്ടത് അയാൾ, തന്റെ സമ്മതം ലിഖിതമായി കൊടുക്കുകയാണെങ്കിൽ, അതതുസംഗതിപോലെ, തുകയോ അതിന്റെ അംശമോ അല്ലെങ്കിൽ അതിന്റെ ബാക്കിയോ, തീറുകാരന് നല്കുകയോ അല്ലെങ്കിൽ

(ii) അങ്ങനെയുള്ള സമ്മതം ലഭിക്കാത്തപക്ഷം, അതതുസംഗതിപോലെ, തുകയോ, അതിന്റെ അംശമോ, അതിന്റെ ബാക്കിയോ, തുകവാങ്ങുവാൻ അർഹതയുള്ള ആൾ ആരാണെന്നുള്ളത് സംബന്ധിച്ച് ക്ഷമതയുള്ള ഒരു സിവിൽകോടതിയുടെ തീരുമാനമുണ്ടാകുന്നതുവരെ, തുക നല്കുന്നതു തടഞ്ഞുവയ്ക്കുകയോ, ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രാധികാരപ്പെടുത്തിയ ഏതെങ്കിലും പണം കൊടുക്കൽ, അതതുസംഗതിപോലെ, ഗവൺമെന്റിനേയോ റയിൽവേ ഭരണത്തിനേയോ സംബന്ധിച്ച്, വരിക്കാരന്റെയോ നിക്ഷേപകന്റെയോ വരവിലുള്ള തുകയിൽ അപ്രകാരം കൊടുത്തുതീർത്ത തുകയ്ക്കു തുല്യമായിടത്തോളമുള്ള തുക സംബന്ധിച്ച് എല്ലാ ബാദ്ധ്യതകളിൽ നിന്നുമുള്ള പൂർണ്ണ ബാദ്ധ്യതാ വിമുക്തി ആയിരിക്കുന്നതാണ്.

നിർദ്ദിഷ്ട നാമാക്കളുടെ അവകാശങ്ങൾ.

5. (1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഗവൺമെന്റ് പ്രോവിഡന്റ് ഫണ്ടിലേയോ റയിൽവേ പ്രോവിഡന്റു ഫണ്ടിലേയോ വരിസംഖ്യക്കാരന്റെയോ നിക്ഷേപകന്റെയോ ഫണ്ടിൽ അയാളുടെ വരവിലുള്ള തുകയുടെയോ അതിന്റെ ഏതെങ്കിലും അംശത്തിന്റെയോ മരണപത്രം മുഖേനയോ മററു വിധത്തിലോ ഉള്ള ഏതെങ്കിലും വ്യയനത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഫണ്ടിന്റെ ചട്ടങ്ങളനുസരിച്ച് മുറപ്രകാരം ചെയ്തിട്ടുള്ള ഏതെങ്കിലും നാമനിർദ്ദേശം വഴി തുക നല്കുവാനുള്ള സമയത്തിനുമുമ്പ് വരിസംഖ്യക്കാരന്റെയോ നിക്ഷേപകന്റെയോ മരണം സംഭവിച്ചതിൻമേൽ മുഴുവൻ തുകയോ അങ്ങനെയുള്ള തുകയുടെ ഏതെങ്കിലും ഭാഗമോ സ്വീകരിക്കുന്നതിനുള്ള അവകാശം ഏതെങ്കിലും ആൾക്ക് നല്കുന്നതിന് ഉദ്ദേശിക്കുകയോ അല്ലെങ്കിൽ തുക നല്കുവാൻ സമയമാകുന്നതിനുമുമ്പ് കൊടുക്കുകയോ ചെയ്തിട്ടുള്ളിടത്ത്, മേല്പറഞ്ഞ ആൾ, വരിക്കാരന്റെയോ നിക്ഷേപകന്റെയോ മേല്പറഞ്ഞ പ്രകാരമുള്ള മരണത്തിൻമേൽ, മറ്റെല്ലാ വ്യക്തികളെയും ഒഴിവാക്കിക്കൊണ്ട്, അതതു സംഗതിപോലെ, അങ്ങനെയുള്ള തുകയോ അതിന്റെ അംശമോ വാങ്ങുന്നതിന്,

(ക) അങ്ങനെയുള്ള നാമനിർദ്ദേശം ഏതെങ്കിലും സമയത്ത്, അതേരീതിയിൽ ചെയ്ത മറ്റൊരു നാമനിർദ്ദേശത്താൽ വ്യത്യാസപ്പെടുത്തുകയോ ആ ചട്ടങ്ങൾ വഴി നിർണ്ണയിക്കപ്പെട്ട രീതിയിലും, അങ്ങനെയുള്ള അധികാരസ്ഥനും നല്കിയ നോട്ടീസ് വഴി പ്രകടമായി റദ്ദാക്കുകയോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള നാമനിർദ്ദേശം ഏതെങ്കിലും സമയത്ത് അതിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആകസ്മികസംഭവം ഉണ്ടാകുന്ന കാരണത്താൽ അസാധുവായിത്തീരുകയോ ചെയ്യാത്തപക്ഷം, അർഹനായിത്തീരുന്നതും, മേല്പറഞ്ഞ ആൾ, വരിക്കാരനോ നിക്ഷേപകനോ മരിക്കും മുമ്പ്, മരിക്കുകയാണെങ്കിൽ നാമനിർദ്ദേശം, മേല്പറഞ്ഞ ആൾക്ക് നല്കിയിട്ടുള്ള അവകാശത്തെ സംബന്ധിക്കുന്നിടത്തോളം, ശൂന്യവും പ്രഭാവമില്ലാത്തതും ആയിത്തീരുന്നതുമാണ് :

എന്നാൽ, ഫണ്ടിന്റെ ചട്ടങ്ങളനുസരിച്ച്, നാമനിർദ്ദേശത്തിൽ, മരിച്ചുപോയ ആൾക്ക് പകരം മററ് വല്ല ആൾക്കും അങ്ങനെയുള്ള അവകാശം നല്കിക്കൊണ്ട്, മുറപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള അവകാശം, മേല്പറഞ്ഞ ആളുടെ മേല്പറഞ്ഞ പ്രകാരമുള്ള മരണത്തിൻമേൽ, അങ്ങനെയുള്ള മററു വല്ല ആൾക്കും സിദ്ധിക്കുന്നതാണ്.

(2) ഇൻഡ്യൻ പിൻതുടർച്ചാവകാശ ആക്ററ്, 1925-ലെ ബാംബേ റഗുലേഷൻ 1927-ലെ VIII-ലോ എന്തുതന്നെ അടങ്ങിയിരുന്നാലും, മേല്പറഞ്ഞ പ്രകാരം അവകാശമുള്ളതായിത്തീരുന്ന ഏതെങ്കിലും ആൾക്ക്, അതതു സംഗതിപോലെ, ആ ആക്ററിന്റെയോ ആ റഗുലേഷന്റെയോ കീഴിൽ അങ്ങനെയുള്ള തുകയോ അതിന്റെ അംശമോ വാങ്ങുന്നതിന് അയാളെ അർഹനാക്കുന്ന ഒരു സർട്ടിഫിക്കററ് നല്കാവുന്നതും അങ്ങനെയുള്ള സർട്ടിഫിക്കററ് മററു ഏതെങ്കിലും ആൾക്ക്, മരിച്ചുപോയ ആളുടെ സ്വത്തു സംബന്ധിച്ച് പ്രൊബേററാ അഡ്മിനിസ്ട്രേഷൻ പത്രങ്ങളോ നല്കിയതു നിമിത്തം അസാധുവാക്കിയതായോ ഉല്ലംഘിക്കപ്പെട്ടതായോ കരുതാൻ പാടില്ലാത്തതുമാകുന്നു.

(3) പ്രോവിഡൻറ്ഫണ്ട് (ഭേദഗതി) ആക്ററ്, 1946 2-ാം വകുപ്പ് 1-ാം ഉപവകുപ്പിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള ഈ വകുപ്പിലെ വ്യവസ്ഥകൾ, ആ ആക്ററിന്റെ പ്രാരംഭത്തീയതിക്കുമുൻപ് ചെയ്ത അങ്ങനെയുള്ള എല്ലാ നാമനിർദ്ദേശങ്ങൾക്കും കൂടി ബാധകമായിരിക്കുന്നതാണ് :

എന്നാൽ അപ്രകാരം ഭേദഗതി ചെയ്ത പ്രകാരമുള്ള ഈ വകുപ്പിലെ വ്യവസ്ഥകൾ, മുൻപറഞ്ഞ തീയതിക്കുമുൻപ് ഏതെങ്കിലും തുക കൊടുക്കുകയോ അല്ലെങ്കിൽ ഫണ്ടിന്റെ ചട്ടങ്ങളിൻകീഴിൽ, ആ ചട്ടങ്ങളനുസരിച്ച് മുറപ്രകാരം ചെയ്തിട്ടുള്ള ഏതെങ്കിലും നാമനിർദ്ദേശം അനുസരിച്ച് കൊടുക്കാനുള്ളതായിത്തീരുകയോ ചെയ്യുന്ന ഏതെങ്കിലും സംഗതിയെ ബാധിക്കുന്നതിന് ഇടയാക്കുന്നതല്ല.

**കീഴിവുകൾ ചെയ്യുവാനുള്ള അധികാരം.**

6. അംശദായക പ്രോവിഡൻറു ഫണ്ട് ആയ ഏതെങ്കിലും ഗവൺമെൻറ് പ്രോവിഡൻറ് ഫണ്ടിലെ, റയിൽവേ പ്രോവിഡൻറു ഫണ്ടിലോ ഏതെങ്കിലും വരിക്കാരന്റെയോ നിക്ഷേപകന്റെയോ വരവിലുള്ള തുക കൊടുക്കാനുള്ളതായിത്തീരുമ്പോൾ, ഫണ്ടിന്റെ ചട്ടങ്ങളിൽ ഈ ആവശ്യത്തിന് വിനിർദ്ദേശിച്ചിട്ടുള്ള അധികാരസ്ഥൻ അപ്രകാരം നിർദ്ദേശിക്കുകയാണെങ്കിൽ, അതിൽനിന്നും—

(ക) വരിക്കാരനോ നിക്ഷേപകനോ വരുത്തിവച്ച ഒരു ബാദ്ധ്യതയുടെ കീഴിൽ ഗവൺമെൻറിനോ റയിൽവേ ഭരണത്തിനോ കിട്ടേണ്ട, എന്നാൽ ഏതൊരു സംഗതിയിലും, വരിക്കാരന്റെയോ നിക്ഷേപകന്റെയോ കണക്കിൽ വരവുവച്ചിട്ടുള്ള ഏതെങ്കിലും അംശദായങ്ങളുടെയും അങ്ങനെയുള്ള അംശദായങ്ങളിൻമേൽ സിദ്ധിച്ചിട്ടുള്ള ഏതെങ്കിലും പലിശയുടെയും വർദ്ധനവിന്റെയും ആകെത്തുകയിൽ കവിയാത്ത, ഏതെങ്കിലും തുകയോ ; അല്ലെങ്കിൽ

(ഖ) വരിക്കാരനെയോ നിക്ഷേപകനെയോ ഫണ്ടിന്റെ ചട്ടങ്ങളിൽ ഇതിലേയ്ക്ക് വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കാരണങ്ങളാൽ അയാളുടെ ഉദ്യോഗത്തിൽനിന്നു ഡിസ്മിസ് ചെയ്യുന്നിടത്തോ അല്ലെങ്കിൽ അങ്ങനെയുള്ള ജോലി, അതിന്റെ പ്രാരംഭം മുതൽ അഞ്ചുവർഷത്തിനകം അയാൾ രാജിവയ്ക്കുന്നിടത്തോ, അങ്ങനെയുള്ള ഏതെങ്കിലും അംശദായങ്ങളുടെയും, പലിശയുടെയും, വർദ്ധനവിന്റെയും മുഴുവൻ തുകയോ അല്ലെങ്കിൽ തുകയുടെ ഏതെങ്കിലും അംശമോ കിഴിക്കാവുന്നതും, അതതുസംഗതിപോലെ, ഗവൺമെൻറിനോ റയിൽവേ ഭരണത്തിനോ കൊടുക്കാവുന്നതുമാകുന്നു.

**ഉത്തമ വിശ്വാസത്തോടുകൂടി ചെയ്ത പ്രവൃത്തികൾക്കു സംരക്ഷണം.**

7. ഈ ആക്ററിൻകീഴിൽ ഉത്തമവിശ്വാസത്തോടുകൂടി ചെയ്തതോ ചെയ്യുവാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും സംബന്ധിച്ച് ഏതെങ്കിലും ആൾക്കെതിരായി യാതൊരു വ്യവഹാരമോ മററു നിയമനടപടിയോ ഉണ്ടായിരിക്കുന്നതല്ല.

**മററു പ്രോവിഡൻറു ഫണ്ടുകൾക്ക് ഈ ആക്ററ് ബാധകമാക്കുന്നതിനുള്ള അധികാരം**

8. (1) സമുചിത ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി തദ്ദേശാധികാരസ്ഥാനവായ്പകൾ ആക്ററ്, 1914-ന്റെ അർത്ഥത്തിൽ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനം, അതിന്റെ ജീവനക്കാരുടെ ഗുണത്തിനായി സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും പ്രോവിഡൻറു ഫണ്ടിന് ഈ ആക്ററിലെ വ്യവസ്ഥകൾ, ബാധകമാണെന്ന് നിർദ്ദേശിക്കാവുന്നതും, അങ്ങനെയുള്ള പ്രഖ്യാപനം നടത്തുന്നതിൻമേൽ അങ്ങനെയുള്ള പ്രോവിഡൻറ് ഫണ്ട് ഗവൺമെൻറ് പ്രോവിഡൻറ് ഫണ്ട് ആയിരുന്നാലെന്ന പോലെയും, അങ്ങനെയുള്ള തദ്ദേശാധികാരസ്ഥാനം ഗവൺമെൻറ് ആയിരുന്നാലെന്നപോലെയും, ഈ ആക്ററ് അതനുസരിച്ച് ബാധകമാകുന്നതുമാണ്.

(2) സമുചിത ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങളിലെയോ, അങ്ങനെയുള്ള സ്ഥാപനങ്ങളുടെ ഏതെങ്കിലും വിഭാഗത്തിലെയോ ജീവനക്കാരുടെ ഗുണത്തിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും പ്രോവിഡൻറു ഫണ്ടിന് ഈ ആക്ററിലെ വ്യവസ്ഥകൾ ബാധകമാണെന്ന് നിർദേശിക്കാവുന്നതും, അങ്ങനെയുള്ള പ്രഖ്യാപനം നടത്തുന്നതിൻമേൽ, അങ്ങനെയുള്ള പ്രോവിഡൻറ് ഫണ്ട്, ഗവൺമെൻറ് പ്രോവിഡൻറ് ഫണ്ട് ആയിരുന്നാലെന്നപോലെയും, ഫണ്ട്സൂക്ഷിക്കുന്ന അധികാരസ്ഥൻ ഗവൺമെൻറ് ആയിരുന്നാലെന്നപോലെയും, ഈ ആക്ററ് അതനുസരിച്ച് ബാധകമാകുന്നതുമാണ്:

എന്നാൽ 6-ാം വകുപ്പ്, ആ വകുപ്പിൽ പരാമർശിച്ചിട്ടുള്ള, അംശദായങ്ങൾ നല്കുന്ന അധികാരസ്ഥാനം, ഗവൺമെൻറ് ആയിരുന്നാലെന്നപോലെ ബാധകമാകുന്നതാണ്.

(3) സമുചിത ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അതിനു യുക്തമെന്ന് തോന്നാവുന്ന ഏതെങ്കിലും പൊതു സ്ഥാപനത്തിൻെറ പേര് പട്ടികയിൽ കൂട്ടിച്ചേർക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും കൂട്ടിച്ചേർക്കലിന് ഈ ആക്ററ് വഴി ചെയ്തിരുന്നപോലെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

(4) ഈ വകുപ്പിൽ "സമുചിത ഗവൺമെൻറ്" എന്നാൽ—

(ക) ഒരു കൻറാൺമെൻറ് അധികാരസ്ഥാനത്തെയും, വൻകിട തുറമുഖത്തിനുവേണ്ടിയുള്ള ഒരു തുറമുഖാധികാരസ്ഥാനത്തെയും, ഭരണഘടന ഏഴാം പട്ടികയിലെ I-ാം ലിസ്ററിൽപെടുമെന്ന് കേന്ദ്രഗവൺമെൻറിന് തോന്നുന്നതോ അല്ലെങ്കിൽ തോന്നുന്ന ലക്ഷ്യങ്ങളുള്ളതോ ആയ ഏതെങ്കിലും സ്ഥാപനത്തെയും, സംബന്ധിച്ച്, കേന്ദ്രഗവൺമെൻറും ;

(ഖ) മററു സംഗതികളിൽ, സ്റേററ് ഗവൺമെൻറും,

അർത്ഥമാകുന്നു.

വിശദീകരണം :— "സ്റേററ് ഗവൺമെൻറ്" എന്നാൽ, സംഘം രജിസ്ട്രേഷൻ ആക്ററ്, 1860-ൻെറ കീഴിൽ രജിസ്ററർ ചെയ്തിട്ടുള്ള ഒരു സ്ഥാപനം സംബന്ധിച്ച് സംഘം രജിസ്ററർ ചെയ്തിരിക്കുന്ന സ്റേററിലെ സ്റേററ് ഗവൺമെൻറ് എന്നർത്ഥമാകുന്നു.

9. 4-ാം വകുപ്പിലേയോ 5-ാം വകുപ്പിലേയോ യാതൊന്നും ഏത് എസ്റേററിൻെറ ഭരണം നടത്തുന്ന ആവശ്യത്തിനാണോ റെജിമെൻറൽ കടങ്ങൾ ആക്ററ്, 1893 ബാധകമായിരിക്കുന്നത് അങ്ങനെയുള്ള ഏതെങ്കിലും എസ്റേററ് വകപണത്തിന് ബാധകമായിരിക്കുന്നതല്ല. സൈനികരുടെ എസ്റേററുകൾ സംബന്ധിച്ച ഒഴിവാക്കലുകൾ.

10 റദ്ദാക്കപ്പെട്ടു റദ്ദാക്കൽ.

പട്ടിക

## സ്ഥാപനങ്ങളുടെ ലിസ്ററ്

[8-ാം വകുപ്പ്, (2)-ാം ഉപവകുപ്പ് നോക്കുക]

1. ഇൻഡ്യൻ പാസ്ററർ ഇൻസ്ററിററ്യൂട്ട്, കാസൗലി.
2. കൽക്കട്ട ഇംപ്രൂവുമെൻറ് ട്രൈബ്യൂണൽ.
3. ഒരു കോർട്ടു ഓഫ് വാർഡ്സ്.
4. ഇൻഡ്യൻ കേന്ദ്ര കാട്ടൺ സമിതി.
5. റാഞ്ചിയിലുള്ള മാനസിക രോഗങ്ങൾക്കുള്ള യൂറോപ്യൻ ആശുപത്രിയുടെ ട്രസ്ററീസ്.
6. ഇൻഡ്യൻ സ്ത്രീകൾക്കുവേണ്ടി, സ്ത്രീകൾക്കുള്ള മെഡിക്കൽ സഹായം എത്തിച്ച് കൊടുക്കുന്നതിനുള്ള ദേശീയ സംഘടന.
7. സ്ററാററ്യൂട്ടുപ്രകാരം സ്ഥാപിക്കപ്പെട്ട ഒരു യൂണിവേഴ്സിററിയോടു സംയോജിപ്പിച്ചിട്ടുള്ള ഒരു കാളേജ്.
8. ഇൻഡ്യൻ കോൾ ഗ്രേഡിംഗ് ബോർഡ്.
9. ലേഡിമിൻേറായുടെ ഇൻഡ്യൻ നേഴ്സിംഗ് സംഘടന.
10. ഇൻഡ്യൻ റഡ്ക്രോസ് സൊസൈററി.
11. ഇൻഡ്യൻ ലാക് സെസ് സമിതി.
12. ഇൻഡ്യൻ റഡ്ക്രോസ് സൊസൈററിയുടെ മദ്രാസ് ശാഖ.
13. ഇംപീരിയൽ ബാങ്ക് ഓഫ് ഇൻഡ്യ.
14. ബീഹാർ–ഒറീസ്സാ മെഡിക്കൽ പരിശോധനാബോർഡ്.
15. ....
16. തേയില ഡിസ്ട്രിക്ററ് എമിഗ്രൻറ് ലേബർ ആക്ററ്, 1932-ൻെറ കീഴിൽ എമിഗ്രൻറു ലേബർ നിയന്ത്രിക്കുന്നതിനായി ഉണ്ടാക്കിയിട്ടുള്ള സ്ഥാപനം.
17. ബോംബേ ഫിലിം സെൻസർ ബോർഡ്.
18. കൽക്കട്ടാ യൂണിവേഴ്സിററി.
19. കേന്ദ്ര ജലസേചന ബോർഡ്.
20. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ.
21. ....
22. ബനാറസ് ഹിന്ദു യൂണിവേഴ്സിററി.
23. ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ.
24. ഇൻഡ്യൻ കാഫി സെസ് സമിതി.
25. ആംഗ്ലോ ഇൻഡ്യനും യൂറോപ്യനും വിദ്യാഭ്യാസത്തിനുള്ള അന്തർസംസ്ഥാന ബോർഡ്.

26. ഇൻഡ്യൻ ഗവേഷണ ഫണ്ട് സംഘടന.
27. ഡൽഹി ജായിന്റു വാട്ടറും സ്വീവേജും ബോർഡ്.
28. ഇൻഡ്യൻ ക്ഷയരോഗ സംഘടന.
29. കൽക്കരിഖനി സ്റ്റോവിങ്ങ് ബോർഡ്.
30. ഇൻഡ്യൻ റയിൽവേയുടെ സ്ലീപ്പർ പൂളിന്റെ ഒരു ഗ്രൂപ്പ് കമ്മിറ്റി.
31. ഇൻഡ്യൻ കാഫി മാർക്കററു വികസന ബോർഡ്.
32. കൽക്കരി ഖനി റെസ്ക്യൂ സ്റ്റേഷൻ സമിതി.
33. ഇൻഡ്യൻ കാഫി ബോർഡ്.
34. ....
35. ഇൻഡ്യൻ റബ്ബർ ബോർഡ്.
36. ഇൻഡ്യൻ കേന്ദ്ര കരിമ്പു സമിതി.
37. അഖിലേൻഡ്യ കന്നുകാലി പ്രദർശന സമിതി.
38. കൽക്കരി ഖനി തൊഴിൽക്ഷേമനിധി.
39. ഇൻഡ്യൻ നാളികേര സമിതി.
40. ഇൻഡ്യൻ കേന്ദ്ര പുകയില സമിതി.
41. എംപ്ലോയീസ് സ്റ്റേററ് ഇൻഷ്വറൻസ് കോർപ്പറേഷൻ
42. ഇൻഡ്യൻ തേയില ലൈസൻസിംഗ് സമിതി.
43. കൽക്കരിഖനികൾ (സംരക്ഷണവും സുരക്ഷിതത്വവും) ആക്റ്റ്, 1952-ന്റെ കീഴിൽ സ്ഥാപിക്കപ്പെട്ട കൽക്കരി ബോർഡ്.
44. ഡൽഹി റോഡ് ട്രാൻസ്പോർട്ട് അധികാരസ്ഥാനം, ന്യൂഡൽഹി.
45. കേന്ദ്ര തേയില ബോർഡ്.
46. ഇൻഡ്യൻ കേന്ദ്ര എണ്ണക്കുരുക്കൾ സമിതി.
47. നാട്ടുചികിൽസാ സമ്പ്രദായത്തിൽ ഗവേഷണം നടത്തുന്നതിനുള്ള ദേശീയ ഇൻസ്റ്റിററ്യൂട്ട്, ജാംനഗർ.
48. ഇൻഡ്യൻ സ്ററാൻഡേർഡ്സ് ഇൻസ്ററിററ്യൂഷൻ, ഡൽഹി.
49. കോട്ടൺ ടെക്സ്ററയിൽസ് ഫണ്ട് സമിതി.
50. ദേശബന്ധു കാളേജ്, കാൽകാജി.
51. ദാമോദർവാലി കാർപ്പറേഷൻ.
52. കേന്ദ്ര സിൽക്ക് ബോർഡ്.
53. യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻ, ന്യൂഡൽഹി.
54. ഖാദിയും ഗ്രാമവ്യവസായവും കമ്മീഷൻ.
55. ലാറൻസ് സ്ക്കൂൾ (സാനാവർ) സംഘം.
56. കലാവതിസരൺ കുട്ടികളുടെ ആശുപത്രി, ന്യൂഡൽഹി.
57. ശ്രീഗുരു ടെഗ്ബഹാദൂർ ഖാൽസാ കാളേജ്, ഡൽഹി.
58. തേയില ബോർഡ്.
59. സ്ത്രീകൾക്കുവേണ്ടിയുള്ള ലേഡീ ശ്രീറാം കാളേജ്, ന്യൂഡൽഹി.
60. ഇൻഡ്യൻ ഇൻസ്ററിററ്യൂട്ട് ആഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, ന്യൂഡൽഹി.
61. തൊഴിലാളി വിദ്യാഭ്യാസത്തിനുള്ള കേന്ദ്ര ബോർഡ്.
62. എണ്ണയും പ്രകൃതിവാതകവും കമ്മീഷൻ.
63. ആസൂത്രണത്തിനും ശില്പവിദ്യക്കുമുള്ള സ്ക്കൂൾ, ന്യൂഡൽഹി.
64. എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട്സ് പദ്ധതി 1952-ന്റെ കീഴിൽ സ്ഥാപിക്കപ്പെട്ട പ്രോവിഡൻറു ഫണ്ടിന്റെ ഭരണത്തിനുവേണ്ടിയുള്ള കേന്ദ്ര ബോർഡ് ആഫ് ട്രസ്ററീസ്.
65. ഗുജറാത്ത് സ്റ്റേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
66. സ്റ്റേററ് ധനകാര്യ കോർപ്പറേഷൻ ആക്റ്റ്, 1951 (1951-ലെ 63)-ന്റെ കീഴിൽ സ്ഥാപിക്കപ്പെട്ട (ഏകാംഗീകരിക്കപ്പെട്ട) ഉത്തരപ്രദേശ് ഫിനാൻഷ്യൽ കോർപ്പറേഷൻ.
67. ഇൻഡ്യൻ ഇൻസ്ററിററ്യൂട്ട് ആഫ് ടെക്നോളജി, ബോംബേ.
68. ഇൻഡ്യൻ നഴ്സിംങ്ങ് കൗൺസിൽ.
69. സ്റ്റേററ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്റ്റ്, 1951 (1951-ലെ 63)-ന്റെ കീഴിൽ സ്ഥാപിക്കപ്പെട്ട (ഏകാംഗീകരിക്കപ്പെട്ട) ഗുജറാത്ത് സ്റ്റേററ് ഫിനാൻഷ്യൽ കോർപ്പറേഷൻ.
70. ഇൻഡ്യൻ ഇൻസ്ററിററ്യൂട്ട് ആഫ് ടെക്നോളജി, മദ്രാസ്.
71. സ്റ്റേററ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്റ്റ്, 1951 (1951-ലെ 63)-ന്റെ കീഴിൽ ഏകാംഗീകരിക്കപ്പെട്ട രാജസ്ഥാൻ ഫിനാൻഷ്യൽ കോർപ്പറേഷൻ.
72. എയർ ഇൻഡ്യ ഇൻറർനാഷണൽ കോർപ്പറേഷൻ.
73. സാഹിത്യ അക്കാഡമി, ന്യൂഡൽഹി.
74. പന്നലാൽ ഗിർദ്ധാർലാൽ ഡി. എം. വി. കാളേജ്, ന്യൂഡൽഹി.
75. ഡൽഹി സ്ക്കൂൾ ആഫ് സോഷ്യൽ വർക്ക്, ഡൽഹി.
76. ആൾ ഇൻഡ്യ ഇൻസ്ററിററ്യൂട്ട് ആഫ് മെഡിക്കൽ സയൻസ്.
77. കൽക്കരിഖനികൾ പ്രോവിഡൻറ് ഫണ്ട് പദ്ധതി, 1948-ന്റെ കീഴിൽ പ്രോവിഡൻറ് ഫണ്ടിന്റെ ഭരണത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ട ബോർഡ് ഓഫ് ട്രസ്ററീസ്.
78. ജാനകീദേവി മഹാവിദ്യാലയം, ന്യൂഡൽഹി.
79. ഇൻഡ്യൻ സാംസ്ക്കാരിക ബന്ധ കൗൺസിൽ, ന്യൂഡൽഹി.
80. ദേശീയ ഉൽപ്പാദന ക്ഷമതാ കൗൺസിൽ.
81. ദേശീയ വ്യാവസായിക വികസന കോർപ്പറേഷൻ ലിമിററഡ്.
82. ആയുർവേദ ബിരുദാനന്തര പരിശീലനകേന്ദ്രം, ജാംനഗർ.

83. ഇൻഡ്യൻ മുതൽ മുടക്കു കേന്ദ്രം, ന്യൂഡൽഹി.
84. ഇൻഡ്യൻ എയർലൈൻസ് കോർപ്പറേഷൻ.
85. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കാൺപൂർ.
86. ഡാക്കുതൊഴിലാളികൾ (തൊഴിൽ നിയന്ത്രിക്കൽ) ആക്റ്റ്, 1948 (1948-ലെ 9)-ന്റെ കീഴിൽ സ്ഥാപിക്കപ്പെട്ട വിശാഖപട്ടണം ഡാക്ക് ലേബർ ബോർഡ്.
87. കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ്.
88. സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്റ്റ്, 1951 (1951-ലെ 63)-ന്റെ കീഴിൽ ഏകാംഗീകരിക്കപ്പെട്ട ഒറീസ്സാ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ.
89. സംഗീത നാടക അക്കാഡമി, ന്യൂഡൽഹി.
90. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്ത്, ഡൽഹി.
91. ഡൽഹി വകഫ് ബോർഡ്.
92. അപ്പ്ളയിഡ് മാൻപൗവ്വർ ഗവേഷണ സ്ഥാപനം, ന്യൂഡൽഹി.
93. ഇൻഡ്യൻ ലാ ഇൻസ്റ്റിറ്റ്യൂട്ട്.
94. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഡൽഹി.
95. ദയാൽസിംഗ് കാളേജ്, ന്യൂഡൽഹി.
96. പ്രമീള കാളേജ്, ഡൽഹി.
97. സനാതന ധർമ്മ കാളേജ്, ന്യൂഡൽഹി.
98. ഇൻഡ്യയിലെ ഫാർമസി കൗൺസിൽ.
99. സൈനിക സ്ക്കൂളുകൾക്കുള്ള സംഘം.
100. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൽക്കട്ട.
101. സലാർ ജംഗ് കാഴ്ചബംഗ്ലാവ് ബോർഡ്, ഹൈദ്രാബാദ്.
102. ലളിതകലാ അക്കാഡമി, ന്യൂഡൽഹി.